മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 8

# വാർത്താക്കുറിപ്പ്

---

## ഇന്നത്തെ പരിപാടി

മഹാത്മാ ഗാന്ധി സർവ്വകലാശാല - റൂസ പദ്ധതിക്ക് കീഴിലുള്ള ഇന്നവേഷൻ ഫൗണ്ടേഷൻ ഹബ്ബുകൾ, ഡിജിറ്റൽവത്ക്കരിച്ച ടാബുലേഷൻ രജിസ്റ്ററുകൾ - ഡിജി ആർക്കൈവ്, ഡി.എ. എസ്. പി ഓൺലൈൻ പരീക്ഷാ കേന്ദ്രം എന്നിവയുടെ ഉദ്ഘാടനം - സർവ്വകലാശാല അസംബ്ലി ഹാളിൽ - രാവിലെ 9.30 ന്.

(പി.ആർ.ഒ./39/554/2022)

## എം.ജി. യിൽ ഉദ്ഘാടനം ഇന്ന് (മെയ് 9)

റൂസ പദ്ധതിക്ക് (ആർ.യു.എസ്.എ.) കീഴിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സ്ഥാപിച്ച എം.ജി. സർവ്വകലാശാല ഇന്നൊവേഷൻ ഫൗണ്ടേഷന് കീഴിലുള്ള വിവിധ ഹബ്ബുകളുടെയും സർവ്വകലാശാല സേവനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനായി നടപ്പാക്കിയ ടാബുലേഷൻ രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ-ഡിജിആർക്കൈവ് പദ്ധതിയുടെയും ഉദ്ഘാടനം ഇന്ന് രാവിലെ 9.30 ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിക്കും. സർവ്വകലാശാലയിൽ പുതുതായി സജ്ജീകരിച്ചിട്ടുള്ള ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെ ഉദ്ഘാടനം
ചടങ്ങിൽ സഹകരണ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവനും നിർവ്വഹിക്കും.

സർവ്വകലാശാല അസംബ്ലിഹാളിൽ മന്ത്രി വി.എൻ. വാസവന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ തോമസ് ചാഴികാടൻ എം.പി. മുഖ്യപ്രഭാഷണം നടത്തും. സിൻഡിക്കേറ്റ് അംഗം അഡ്വ. ജോബ് മൈക്കിൾ എം.എൽ.എയും പരിപാടിയിൽ പങ്കെടുക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സ്വാഗതം

റിപ്പോർട്ട് അവതരിപ്പിക്കും. റൂസ പദ്ധതിയുടെ സംസ്ഥാന കോ-ഓർഡിനേറ്റർ വി. വിഘ്നേശ്വരി, നോഡൽ ഓഫീസർ ഡോ. ജഗൻ സെബാസ്റ്റ്യൻ ജോർജ്, അതിരമ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിജു വലിയമല, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, ഡോ. എ. ജോസ്, ഡോ. റോബിനറ്റ് ജേക്കബ് എന്നിവർ സംസാരിക്കും. രജിസ്ട്രാർ പ്രൊഫ. പ്രകാശ്കുമാർ ബി. നന്ദി പറയും.

**ഫോട്ടോ ക്യാപ്ഷൻ:** മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പുതുതായി സജ്ജീകരിച്ചിട്ടുള്ള ഇന്നവേഷൻ ഫൗണ്ടേഷൻ ഹബ്ബുകൾ

(പി.ആർ.ഒ./39/555/2022)

## നവസംരംഭകർക്ക് വഴി കാട്ടാൻ എം.ജി. ഇന്നൊവേഷൻ ഫൗണ്ടേഷൻ

യുവജനങ്ങളിൽ സംരംഭകത്വ താത്പര്യം വളർത്തിയെടുക്കുന്നതിനും, ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംരംഭകരുടെ ബിസിനസ് ആശയങ്ങളെ സൃഷ്ടിപരമായി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ടുള്ള മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇന്നൊവേഷൻ ഫൗണ്ടേഷൻ പൂർണമായും പ്രവർത്തന സജ്ജമായിക്കഴിഞ്ഞു. മെയ് ഒമ്പതിന് സർവ്വകലാശാല ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഫൗണ്ടേഷനു കീഴിൽ സജീകരിച്ചിട്ടുള്ള ഹബ്ബുകളുടെ ഉദ്ഘാടനം നിർവ്വഹിക്കും. സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ ചടങ്ങിൽ അധ്യക്ഷനായിരിക്കും.
സംരംഭങ്ങളുടെ സ്വഭാവം, ഉപയോഗിക്കുന്ന സാങ്കേതികത തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സാങ്കേതികവും, സാമ്പത്തികവും, പ്രൊഫഷണലുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ കഴിയുന്ന വിവിധ ബിസിനസ് രൂപകല്പനാ സെല്ലുകളാണ് (ഇൻകുബേഷൻസ്) ഫൗണ്ടേഷന് കീഴിൽ.

പ്രവർത്തിക്കുക. ബസിനസ്സ് സംബന്ധിച്ച നൂതനാശയങ്ങൾ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഫൗണ്ടേഷനുമായി പങ്കുവയ്ക്കാനും അനുയോജ്യമായ സംരംഭകരിലൂടെ അത്തരം ആശയങ്ങൾ പ്രവൃത്തിപഥത്തിലെത്തിച്ച് ലാഭകരമായി വളർത്തിയെടുക്കാനും ഫൗണ്ടേഷൻ മുൻകയ്യെടുക്കും. നവീന ആശയങ്ങളുമായി വരുന്ന ഗവേഷകരെയും പുതിയ വ്യാപാരമേഖലകൾ തേടുന്ന സംരംഭകരെയും ഒരേ സമയം ചേർത്തു നിർത്തുന്നതിനുമാണ് സ്ഥാപനം ലക്ഷ്യമിടുന്നത്.

ബിസിനസ് രംഗത്ത് ഏറെ പ്രചാരമുള്ള സങ്കേതങ്ങളായ മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, ഇന്റർനെറ്റ് ഓഫ് തിംഗ്സ്,

മൊബൈൽ ആന്റ് വെബ് ആപ്ലിക്കേഷൻസ് തുടങ്ങിയ വിഷയങ്ങളിലെല്ലാം സംരംഭകർക്ക് വിദഗ്ധ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിന് ഇവിടെ സൗകര്യമുണ്ടാകും. ഇതു കൂടാതെ, ഓട്ടോ മൊബൈൽ, റോബോട്ടിക്സ്, നാനോ സാങ്കേതിക വിദ്യ, ബയോ ഇൻഫർമാറ്റിക്സ്, ഡ്രഗ് ഡിസൈൻ തുടങ്ങിയവയുടെ സംരംഭകത്വ മേഖലയിലെ സാധ്യതകളെ സംബന്ധിച്ചും ഇവിടെ നിന്ന് മാർഗ്ഗനിർദ്ദേശം തേടാവുന്നതാണ്.

അക്കാദമിക്-ഗവേഷണ മേഖലയിൽ നിന്നുള്ള പുത്തൻ ആശങ്ങളെ ഉത്പാദന-വ്യാപാര മേഖലകളുമായി ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കുക വഴി അതിനൂതനങ്ങളായ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിനും കൂടുതൽ ആളുകളെ സംരംഭകത്വമേഖലയിലേക്ക് ആകർഷിക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാല ഇന്നൊവേഷൻ ഫൗണ്ടേഷന് കഴിയുമെന്നാണ് പ്രതീക്ഷ. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ആർ.യു.എസ് എ. 2.0 പദ്ധതിയുടെ ആദ്യഘട്ടമായി 7.5 കോടി രൂപ ചെലവഴിച്ച് എം.ജി.യു. ഇന്നൊവേഷൻ ഫൗണ്ടേഷൻ എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ കീഴിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

(പി.ആർ.ഒ./39/556/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് **റി**ലേഷൻസ് ഓഫീസർ